# ആമുഖം

സാഹിത്യകാരന്മാരുടെ പക്ഷപാതങ്ങളും ആഭിമുഖ്യങ്ങളും എന്നും സാഹിത്യപഠനത്തിലെ താല്പര്യമുണർത്തുന്ന വിഷയങ്ങളാണ്. കവികളുടെ പ്രത്യയശാസ്ത്രപരമായ ആഭിമുഖ്യങ്ങൾ വിശേഷിച്ചും പഠനവും ഗവേഷണവും അർഹിക്കുന്നു. അത്തരം ആഭിമുഖ്യങ്ങളെക്കുറിച്ചുള്ള അഭിപ്രായഭേദങ്ങൾ സാഹിത്യത്തിൽ ചൂടേറിയ ചർച്ചകൾക്കു വഴിവച്ചിട്ടുണ്ട്. ഈ പ്രബന്ധത്തിൽ പ്രതിപാദിക്കുന്ന രണ്ടു കവികളും - ശ്രീ. ഒ.എൻ.വിയും വയലാർ രാമവർമ്മയും - പ്രത്യയശാസ്ത്രപരമായ ആഭിമുഖ്യം പുലർത്തിയവരാണ്. അത് എത്രത്തോളം ? ഏതു കാലഘട്ടം വരെ ? ആഭിമുഖ്യങ്ങളിൽ നിന്നും ഇവർ വ്യതിചലിച്ചുവോ ? വ്യതിചലിച്ചുവെങ്കിൽ അത് ഏതു പരിധിവരെ ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം തേടുകയാണ് ഈ പ്രബന്ധത്തിൽ.

കവിയ്ക്കും കവിതയ്ക്കും സമൂഹത്തോടുള്ള ബന്ധം, എന്താണ് പ്രത്യയശാസ്ത്രം, സമൂഹനന്മയ്ക്ക് അത് എത്രമാത്രം പ്രയോജനം ചെയ്യുന്നു തുടങ്ങിയ കാര്യങ്ങൾ പഠനവിധേയമാക്കുന്നു ഒന്നാമദ്ധ്യായത്തിൽ. സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനു സഹായകമായ ആശയസംഹിതയും ദർശനങ്ങളും എന്ന അർത്ഥത്തിലാണ് പ്രത്യയശാസ്ത്രം എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ഉല്പാദനപ്രക്രിയ, വർഗ്ഗസമരം, വർഗ്ഗരഹിതസമൂഹം തുടങ്ങിയ സങ്കല്പങ്ങളിലൂന്നിയ മാർക്സിയൻ ദർശനവും പ്രത്യയശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. ഇവിടെ പഠനത്തിനു വിധേയരാകുന്ന കവികൾ രണ്ടും മാർക്സിസ്റ്റു പ്രത്യയശാസ്ത്രം അനുവർത്തിക്കുന്നതുകൊണ്ട്, അത്തരം സാഹിത്യകാരന്മാരുടെ സംഘടനയായ പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ ഉത്ഭവവും ചരിത്രവും കൂടി ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു. സാമൂഹികതയെ യഥാർത്ഥ ഭൂമികയായി കണ്ടുകൊണ്ടുള്ള വിശാലമാനവികതാവാദവും, പ്രകൃതിയിൽ നിന്നും ഉജ്ജീവനം നേടി ജീവിക്കാനുള്ള മനുഷ്യവർഗ്ഗത്തിന്റെ അവകാശവാദത്തിലൂന്നിയ പരിസ്ഥിതിവാദവും ഇന്ന് പ്രത്യയശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നുണ്ട്. സമൂഹത്തിന്റെ - മനുഷ്യവർഗ്ഗത്തിന്റെ - മുന്നോട്ടുള്ള പ്രയാണത്തിനു സഹായിക്കുന്ന ഏതു ദർശനവും പ്രത്യയശാസ്ത്രം (Ideology) എന്ന പദത്തിൽ ഉൾപ്പെടുന്നു.

വയലാറിന്റെ ആദ്യകാലകൃതികളിൽ (സർഗ്ഗസംഗീതത്തിനു മുമ്പു വരെ) പ്രതിഫലിക്കുന്ന പ്രത്യശാസ്ത്രാഭിമുഖ്യം എത്രത്തോളമുണ്ടെന്നു പരിശോധിക്കുന്നു രണ്ടാ

മദ്ധ്യായത്തിൽ. ചുറ്റുപാടുമുണ്ടാകുന്ന സംഭവവികാസങ്ങളും സാമൂഹികസാഹചര്യങ്ങളും വ്യക്തികൾ എന്ന നിലയിൽ കവികളേയും സ്വാധീനിക്കുന്നു. അത് അവരുടെ മനോഭാവം, വീക്ഷണഗതി എന്നിവയെ രൂപപ്പെടുത്തുന്നതിനു സഹായകമാകാറുണ്ട്. ആ നിലയ്ക്ക് പ്രത്യയശാസ്ത്രാഭിമുഖ്യത്തിനു കവിയെ പ്രേരിപ്പിച്ച വസ്തുതകൾ കണ്ടെത്തുന്നതിലേയ്ക്കായി സാമൂഹ്യസാഹചര്യങ്ങളേയും ഇവിടെ പഠനവിധേയമാക്കിയിട്ടുണ്ട്. ഒപ്പം, കവിയിൽ പ്രകടമാകുന്ന പ്രത്യയശാസ്ത്രസവിശേഷതകൾ ഏതൊക്കെയെന്നും ചൂണ്ടിക്കാണിക്കുന്നു.

1947 മുതൽ 1958 വരെ രചിക്കപ്പെട്ട കവിതകളിൽ ഒ.എൻ.വി. അനുവർത്തിച്ചുപോരുന്ന പ്രത്യയശാസ്ത്രാഭിമുഖ്യങ്ങൾ കണ്ടെത്തുകയാണ് മൂന്നാം അദ്ധ്യായത്തിൽ. സാമൂഹ്യസാഹചര്യങ്ങൾ പ്രചോദകമായിത്തീർന്നിരിക്കാം എന്നതുകൊണ്ട്, കവിയെ പ്രത്യശാസ്ത്രത്തിലേക്ക് ആകർഷിച്ച ഘടകങ്ങൾ കണ്ടെത്താനുള്ള ശ്രമവും ഇവിടെ നടത്തുന്നുണ്ട്. 'മയിൽപ്പീലി' ക്കവിതകൾക്കു മുമ്പുവരെയുള്ള കൃതികളിൽ തെളിഞ്ഞുക്കാണുന്ന പ്രത്യയശാസ്ത്രസവിശേഷതകൾ ഏതൊക്കെയെന്നും എത്രത്തോളമെന്നും ഇവിടെ പരിശോധിക്കുന്നു.

സർഗ്ഗസംഗീതരചനയോടെ വയലാറിന്റെ കാവ്യാധ്വാവിൽ വന്നുചേർന്ന വ്യതിയാനങ്ങൾ എന്തെന്നും എത്രയെന്നും കണ്ടെത്തുന്നു നാലാമദ്ധ്യാത്തിൽ. വ്യതിയാനം ഏതു പരിധിവരെ എന്ന അന്വേഷണത്തിൽ, മാർഗ്ഗത്തിലല്ലാതെ അനുവർത്തിച്ചുപോന്ന പ്രത്യയശാസ്ത്രത്തിന്റെ ലക്ഷ്യത്തിൽ മാറ്റം വന്നിട്ടില്ല എന്ന നിഗമനത്തിൽ എത്തുന്നു.

അഞ്ചാം അദ്ധ്യായത്തിൽ, മയിൽപ്പീലിക്കവിതകളോടെ ഒ.എൻ.വി. കവിതകളിൽ വന്നുചേരുന്ന പ്രത്യയശാസ്ത്രവ്യതിയാനങ്ങൾ എന്തെന്നും എത്രമാത്രമെന്നും കണ്ടെത്തുന്നു. ഇതിവൃത്തസ്വീകരണത്തിൽ കാലാകാലങ്ങളിലുണ്ടായ മാറ്റങ്ങൾ കണക്കിലെടുത്ത് 'മയിൽപ്പീലി' മുതൽ 'ഭൈരവന്റെ തുടി' വരെയുള്ള കൃതികളെ പഠനസൗകര്യത്തിനായി നാലുഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. കവിയിലുണ്ടായ വ്യതിയാനം എത്രത്തോളം ; മാറ്റം മാർഗ്ഗത്തിലോ ലക്ഷ്യത്തിലോ ; തുടങ്ങിയ കാര്യങ്ങളും ഈ അദ്ധ്യായത്തിൽ അന്വേഷിക്കുന്നു. ലക്ഷ്യസാദ്ധ്യത്തിനുപയോഗിച്ച മാർഗ്ഗത്തിൽ മാത്രമാണ് വ്യതിയാനമുണ്ടായിരിക്കുന്നത് എന്നും, പ്രത്യയശാസ്ത്രാഭിമുഖ്യത്തിനും വിശ്വാസത്തിനും മാറ്റം വന്നിട്ടില്ല എന്നും പഠനത്തിലൂടെ കണ്ടെത്തുന്നു.

ഇടക്കാലത്ത് വയലാറും ഒ.എൻ.വിയും സിനിമാഗാനരചനാരംഗത്തേയ്ക്ക് ചേക്കേറിയതുകൊണ്ട് വയലാറിന്റെയും ഒ.എൻ.വിയുടെയും സിനിമാഗാനങ്ങളിലും

നാടകഗാനങ്ങളിലും പ്രതിഫലിക്കുന്ന പ്രത്യയശാസ്ത്രസവിശേഷതകൾ കൂടി എടുത്തു കാട്ടാനുള്ള ശ്രമവും ഈ പ്രബന്ധത്തിൽ നടത്തിയിട്ടുണ്ട്. സമകാലിക സാഹിത്യകാരന്മാരായിരുന്നതുകൊണ്ടും ഒരേ പ്രത്യയശാസ്ത്രത്തെ അനുവർത്തിച്ചിരുന്നതുകൊണ്ടും രണ്ടു കവികളിലും പല സമാനതകളും കണ്ടെത്താൻ കഴിഞ്ഞു. ചില വൈജാത്യങ്ങളും ദൃഷ്ടിയിൽപ്പെട്ടു. ആകയാൽ വയലാറിനെയും ഒ.എൻ.വിയെയും ഒരു താരതമ്യത്തിനു വിധേയമാക്കാനുള്ള ശ്രമവും നടത്തിയിട്ടുണ്ട് പ്രബന്ധത്തിൽ. (ഒ.എൻ.വി. സാറുമായി അഭിമുഖം നടത്തി അനുബന്ധമായി ചേർക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സമയക്കുറവു കാരണം അതിനു കഴിഞ്ഞില്ല.)

വയലാറിന്റെയും ഒ.എൻ.വിയുടെയും കവിതകളുടെ പഠനത്തിലൂടെ കണ്ടറിഞ്ഞ പ്രത്യയശാസ്ത്രവ്യതിയാനങ്ങൾ വിലയിരുത്തുന്നു ആറാം അദ്ധ്യായത്തിൽ. പ്രത്യയശാസ്ത്രസവിശേഷതകളിലോ ലക്ഷ്യത്തിലോ മാറ്റം വന്നിട്ടില്ല എന്നും, മാറ്റം മാർഗ്ഗത്തിൽ മാത്രമായിരുന്നു എന്നും, സാമൂഹ്യനന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മാർക്സിസ്റ്റുപ്രത്യയശാസ്ത്രവാദികളായിത്തന്നെ അവർ നിലകൊള്ളുന്നുവെന്നും ഉള്ള നിഗമനത്തിൽ എത്തുന്നു.

സമാന്തരസന്ദർഭങ്ങളും അവശ്യം വേണ്ട വിശദീകരണങ്ങളും അടിക്കുറിപ്പുകളിൽ ചേർക്കുന്ന രീതിയാണ് ഈ പ്രബന്ധരചനയിൽ സ്വീകരിച്ചിട്ടുള്ളത്.ഓരോ സന്ദർഭത്തിനും ചേർക്കാവുന്ന ഉദാഹരണങ്ങൾ വളരെയേറെയുണ്ടെങ്കിലും ഏറ്റവും ഉചിതമെന്നു തോന്നിയവ മാത്രമേ ഉദ്ധരിച്ചിട്ടുള്ളു. പ്രബന്ധഗൗരവം കണക്കിലെടുത്തുകൊണ്ടുതന്നെ അത്യാവശ്യസന്ദർഭങ്ങളിൽ ഉപശീർഷകങ്ങൾ കൊടുത്ത് ശാസ്ത്രീയമായ രീതി നിലനിർത്താനുള്ള ശ്രമവും പ്രബന്ധരചനയിൽ സ്വീകരിച്ചിരിക്കുന്നു.